III ശ്രദ്ധക്ഷണിക്കൽ

(1) പത്തനംതിട്ട ജനറൽ ആശുപത്രിയുടേയും റിംഗ് റോഡിന്റെയും വികസന പ്രവർത്തനത്തിന് കൂടുതൽ തുക അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കെ. നായർ : സർ, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജനറൽ ആശുപത്രിയുടേയും അതുപോലെ തന്നെ റിംഗ് റോഡിന്റെയും വികസനത്തെയും പറ്റിയാണ് ഞാൻ നോട്ടീസ് കൊടുത്തിരിക്കുന്നത്. പക്ഷെ നോട്ടീസ് അച്ചടിച്ചു വന്നപ്പോൾ ജനറൽ ആശുപത്രിയുടെ കാര്യം മാത്രമേയുള്ളൂ. കഴിഞ്ഞ 14-ാം തിയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം അവസാനംവരെ ഞാൻ കേട്ടുകൊണ്ടിരുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

പക്ഷെ അതിനകത്ത് പത്തനംതിട്ട എന്നൊരു പേരുപോലും വരാത്തതിൽ എനിക്ക് ഖേദമുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ വരുമാനത്തിന്റെ മേജർ പങ്ക് വഹിക്കുന്ന ഒരു ജില്ലയാണ് പത്തനംതിട്ട ജില്ല. പോളിയോ നിർമ്മാർജ്ജനത്തിൽ ഏഷ്യയിലെ ആദ്യത്തെ ജില്ല, ക്ഷയരോഗ നിവാരണ പ്രവർത്തനത്തിൽ മാതൃക കാട്ടിയ ജില്ല, അന്ധതാ നിവാരണത്തിന്റെ കാര്യത്തിൽ മുന്പന്തിയിൽ നിൽക്കുന്ന ജില്ല. വിദേശനാണ്യം സന്പാദിക്കുന്നതിൽ ഏറ്റവും മുന്പിൽ നിൽക്കുന്ന ജില്ല, അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമായി വളർന്നുകൊണ്ടിരിക്കുന്ന ശബരിമല സ്ഥിതി ചെയ്യുന്ന ജില്ല. സീസൺസമയങ്ങളിൽ ലക്ഷക്കണക്കിനാളുകളല്ലേ സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും അവിടെ എത്തുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഇന്നത്തെ നിലനിൽപുതന്നെ ശബരിമലയിലെ വരുമാനം കൊണ്ടല്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. സീസൺകാലത്ത് കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ ചാർജ്ജ് ഈടാക്കി എത്ര കോടി രൂപ സന്പാദിക്കുന്നുണ്ട് എന്നു ഞാൻ ചോദിക്കുകയാണ്. ഇവിടെ വരുന്ന ജനലക്ഷങ്ങൾ അപകടം കൊണ്ടോ രോഗം കൊണ്ടോ എന്തെങ്കിലും സംഭവിച്ചാൽ ആദ്യമെത്തുന്നത് പത്തനംതിട്ട ജനറലാശുപത്രിയിലാണ്. രണ്ട് വർഷങ്ങൾക്ക് മുന്പ് ശബരിമലയിലുണ്ടായ ദുരന്തം ഈ സഭയിലെ ആളുകൾ വിസ്മരിച്ചുപോയോയെന്ന് ഞാൻ സംശയിക്കുകയാണ്. 53 ജഡങ്ങൾ കിടത്താൻ സ്ഥലമില്ലായിരുന്നു. ടാർപ്പാളിൻ വലിച്ചുകെട്ടി നിലത്താണ് അവരെ കിടത്തിയിരുന്നത്. മന്ത്രിമാരും നേതാക്കൻമാരും ഓടിയെത്തി. ക്യാമറകൾ ക്ലിക്ക് ചെയ്തു. ചില കൊച്ചു നേതാക്കൻമാർ മന്ത്രിമാരോടൊപ്പം തലകാണിക്കുന്നതിന് കാണിച്ച വെപ്രാളം കണ്ട് അവിടെക്കിടന്ന ജഡങ്ങൾ പോലും പുഞ്ചിരിക്കുന്നതായി എനിക്ക് തോന്നി. ഏതായാലും ആംബുലൻസിലും വിമാനത്തിലുമൊക്കെയായി അവരെ നാട്ടിൽ എത്തിച്ചു. അന്വേഷണ കമ്മിഷനെയും നിയമിച്ചു. ഇത് മതിയോ എന്നാണ് ഞാൻ ചോദിക്കുന്നത്. തീർത്ഥാടകരുടെ എണ്ണം വർഷംതോറും കൂടുകയാണ്. അവർക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തേണ്ടേ ? 200 കിടക്കകളുള്ള ഒരു വാർഡിന്റെ പണി ടെണ്ടർ ചെയ്ത് ആരംഭിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. നാലര കോടിയോളം രൂപ വേണം. 30 ശതമാനത്തോളം പണി തീർന്നു. ഈ വർഷം ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല. അടുത്ത വർഷവും പ്രൊവിഷൻ ഇല്ല. പണി നടന്നുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഒരു വർക്കിനെങ്കിലും വേണ്ടത്ര പ്രൊവിഷൻ ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രതിപക്ഷത്തുള്ള മെമ്പർമാരുടെ നിയോജകമണ്ഡലങ്ങളിലെ വർക്കുകളുടെ പേരുകൾ പറഞ്ഞു. പത്തനംതിട്ട നിയോജകമണ്ഡലത്തിലെ കാര്യം വായിക്കുമെന്ന് ഞാൻ വിചാരിച്ചു, വായിച്ചില്ല. ഒരു വർക്കിനും വേണ്ടത്ര പ്രൊവിഷൻ ഇല്ലാത്ത സ്ഥിതിയാണുള്ളത്. പത്തനംതിട്ട ജനറൽആശുപത്രി ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നതല്ല. ഗവൺമെന്റ് നേരിട്ട് നടത്തുന്ന സ്ഥാപനമാണിത്. ബഡ്ജറ്റ് നിർമ്മാണത്തിൽ ഒരു പ്രത്യേക കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വർക്ക്സ് ബഡ്ജറ്റിലെ വാല്യം-1 എടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. സാധാരണ ഭരണാനുമതി കിട്ടിയ വർക്കുകളുടെ പേരാണ് അതിനകത്ത് ചേർക്കാറുള്ളത്. ഭരണാനുമതി കിട്ടാത്ത വർക്കുകളുടെ പേരും അതിനകത്ത് ചേർത്തിട്ടുണ്ട്. അതേസമയം നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾക്ക് പ്രൊവിഷനില്ല. നടത്താൻ സാഹചര്യമുള്ള വർക്കുകൾക്ക് പ്രൊവിഷൻ ഇല്ല. അതേസമയം രണ്ടു കൊല്ലം കഴിഞ്ഞ് നടത്തേണ്ട വർക്കുകൾക്ക് പത്തും പതിനഞ്ചും ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു സ്ഥലത്തല്ല, മൂന്നു നാലു പേജുകളിൽ പത്തു ലക്ഷം, അഞ്ചു ലക്ഷം ഉണ്ട്. ചില പേജുകളിൽ ഒരു പ്രൊവിഷനും ഇല്ല. എങ്ങനെയാണ് ഈ ആവർത്തനം വരുന്നതെന്ന് ഞാൻ സംശയിക്കുകയാണ്. പല പേജുകളും ബ്ലാങ്കായിട്ട് ഇട്ടിരിക്കുകയാണ്. പത്ത് പതിനഞ്ച് വർഷങ്ങൾക്ക് മുമ്പുള്ള ബഡ്ജറ്റ് എടുത്ത് പരിശോധിച്ചാൽ വ്യത്യാസം മനസ്സിലാകും. Volume - 2-ൽ 100 രൂപ പ്രൊവിഷനുള്ള ഒരു വർക്ക്, എ.എസ്.കിട്ടി. എസ്.എസ്സ്. കിട്ടിക്കഴിയുമ്പോൾ Volume-1-ൽ വരും, ആവശ്യമായിട്ടുള്ള പ്രൊവിഷൻ ചേർക്കും, ടെണ്ടർ വിളിക്കാനുള്ള അവസരവും കിട്ടും. ഇവിടെ 20 ശതമാനം ബഡ്ജറ്റിൽ വന്നുവെങ്കിൽ മാത്രമേ ടെണ്ടർ വിളിക്കാവൂ എന്നൊരു നിയമം വന്നു. എന്തിനാണ് ഈ നിയമം ? കോടതി നിയമം ഫണ്ട് കൊടുക്കണമെന്നല്ലേയുള്ളൂ. അല്ലാതെ 20 ശതമാനം ഉണ്ടെങ്കിലേ ടെണ്ടർ വിളിക്കാവൂവെന്ന് പറഞ്ഞിട്ടുണ്ടോ? ഈ അവസ്ഥ ഒന്ന് മാറ്റി, അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷനും സ്പെഷ്യൽ സാംങ്ഷനും കിട്ടിയ വർക്കുകൾക്ക് ആവശ്യമായ പ്രൊവിഷൻ ചേർക്കണം. ആരാണ് പ്രൊവിഷൻ വയ്ക്കുന്നതെന്ന് ഞാൻ പലപ്പോഴും സംശയിച്ചുപോകാറുണ്ട്. ബഡ്ജറ്റ് നിർമ്മിക്കുന്ന അവസരത്തിൽ, അതിന് ഒരു മാസം മുമ്പെങ്കിലും ബഡ്ജറ്റ് ഉണ്ടാക്കുന്നവർക്ക് ഒരു ക്ലാസ്സ് കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനുള്ള സർവ്വ രേഖകളും ധനകാര്യവകുപ്പിന്റെ കയ്യിലുണ്ട്. ഇന്നയിന്ന വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. അതിന് ഇത്ര രൂപ വേണ്ടിവരും. അത് ഉൾപ്പെടുത്തണം. ടെണ്ടർ ചെയ്യാൻ സാഹചര്യം ഒത്ത വർക്കുകൾ ടെണ്ടർ ചെയ്യാം. അല്ലാതെ ഭാവനയിൽ കിടക്കുന്ന വർക്കിന് രണ്ടും മൂന്നും കൊല്ലം കഴിഞ്ഞ് നടത്തേണ്ട വർക്കിനുമൊക്കെ പത്തും പതിനഞ്ചും ലക്ഷം രൂപ കൊള്ളിക്കുകയും നിലവിലിരിക്കുന്ന വർക്കുകൾക്ക് ഒന്നും കൊള്ളാതിരിക്കുകയും ചെയ്യുന്ന ഈ സ്ഥിതി ഒന്ന് മാറണം എന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബഡ്ജറ്റ് കണ്ടപ്പോൾ കുഴിത്തുറ അപ്പൂപ്പന്റെ കുടുംബ ഭരണം പോലുള്ള തോന്നലാണ് എനിക്കുള്ളത്. കുഴിത്തുറ അപ്പൂപ്പൻ നല്ല സാമ്പത്തിക സൗകര്യമുള്ള ആളാണ്. അല്പം

LIBRARY ARCHIVES Kerala Legislative Assembly

ലുബ്ധനുമാണ്. ഒരു ദിവസം അദ്ദേഹത്തിന്റെ മകന് ഉത്സവം കാണാൻ പോകാൻ ആഗ്രഹം. ഉത്സവം കാണുന്നത് അദ്ദേഹത്തിന് ഇഷ്ടമല്ലെങ്കിലും അന്ന് സമ്മതിച്ചു. പോയപ്പോൾ ഒരു കടലാസ് പൊതിയും കൊടുത്തു. ഉത്സവ ചെലവിനുള്ള കാശ് കിട്ടിയല്ലോ എന്നുള്ള സന്തോഷത്തിൽ അദ്ദേഹം തുറന്നുനോക്കി. നോക്കിയപ്പോൾ 10 പൈസ. മോന് ഉറക്കം വരുമ്പോൾ കടുംകാപ്പി വാങ്ങി കുടിച്ചോ എന്നു പറഞ്ഞാണ് അയച്ചത്. അതുപോലുള്ള ഒരു ബഡ്ജറ്റാണിത്. ആവശ്യമുള്ള വർക്കുകൾക്ക് പ്രൊവിഷനില്ല. ആവശ്യമില്ലാത്ത വർക്കുകൾക്ക് പ്രൊവിഷൻ ചേർത്തിരിക്കുന്നു. ഈ രീതിയിലുള്ള ബഡ്ജറ്റ് സംവിധാനം മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. ശബരിമലയുമായി ബന്ധപ്പെട്ട് ജനറൽ ആശുപത്രിയുടെ വർക്ക് അടുത്ത സീസൺ തുടങ്ങുന്നതിനുമുമ്പ്, അടുത്ത വൃശ്ചിക മാസത്തിനുമുമ്പ് തീർക്കത്തക്കവിധത്തിൽ അടുത്ത സപ്ലിമെന്ററി ബഡ്ജറ്റിൽ ആവശ്യമായ പ്രൊവിഷൻ ചേർത്ത് ആവശ്യമായ കാര്യങ്ങൾ ചെയ്യണം. അതുപോലെ റിംഗ് റോഡ്. പതിനായിരക്കണക്കിന് വാഹനങ്ങളാണ് വരുന്നത്. ട്രാഫിക് സംവിധാനം പരിഷ്ക്കരിക്കുന്നതിനുവേണ്ടിയാണ് റിംഗ് റോഡ് സംവിധാനം ഉണ്ടാക്കിയത്. നാല് സെഗ്മെന്റാണ്. ഒരു സെഗ്മെന്റിന്റെ പണി തീർന്നു. രണ്ടാമത്തെ സെഗ്മെന്റിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അതിന് 125 ലക്ഷം രൂപ വേണ്ടി വരും. രണ്ടു ലക്ഷം രൂപയാണ് കൊള്ളിച്ചിരിക്കുന്നത്. കുഴിത്തുറ അപ്പൂപ്പൻ കടുംകാപ്പിക്ക് പൈസ കൊടുത്തതുപോലെ. ഈ രീതി ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. പത്തനംതിട്ടയെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തിലെ ഏറ്റവും വരുമാനമുള്ള, പല കാര്യങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന, ജനസംഖ്യാ വർദ്ധനവിൽ വെറും 0 ശതമാനം മാത്രമുള്ള ഈ ജില്ലയ്ക്ക് ആവശ്യമായ പ്രൊവിഷൻ ചേർത്ത് അടുത്ത സപ്ലിമെന്ററി ബഡ്ജറ്റിൽ ഈ പോരായ്മ പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പത്തനംതിട്ട ജില്ലാ ആശുപത്രിയുടെ വാർഡ് നിർമ്മാണത്തിനുവേണ്ടി 1998-1999-ൽ 20 ലക്ഷം രൂപയും 1999-2000-ൽ 70.59 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിരുന്നു. ബഡ്ജറ്റിൽ ഉണ്ടായിരുന്നില്ലെങ്കിലും അഡീഷണൽ ആതറൈസേഷൻ വഴി 70.59 ലക്ഷം രൂപ ആശുപത്രിക്ക് കൊടുത്തു. ജില്ലാ ആശുപത്രി പഞ്ചായത്തിന് മാറ്റുന്ന പ്രശ്നമില്ല. കാരണം ഇത് ജനറൽ ആശുപത്രിയാണ്. .... ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട്, യഥാസമയം ഇത് പൂർത്തിയാക്കത്തക്ക രീതിയിൽ സ്റ്റാഗർ ചെയ്തുകൊണ്ടെങ്കിലും അനുവദിക്കണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അല്ലെങ്കിൽ ഇതുവരെ ചെലവാക്കിയ ഒരു കോടിയിൽ ചില്ലാനം രൂപ വേസ്റ്റാകും. അതുകൊണ്ട് പണി നിശ്ചയമായും പൂർത്തീകരിക്കാനുള്ള ഫണ്ട് ഞാൻ അഡീഷണൽ ആതറൈസേഷൻ വഴി തരും, അടുത്ത സ്റ്റേജിൽ നമുക്ക് റെഗുലറൈസ് ചെയ്യാം. ശബരിമല റോഡ് വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. അടുത്ത സീസണിൽ ഈ റോഡ് നേരെ ആക്കത്തക്കരീതിയിൽ ഗവൺമെന്റ് അതിനുവേണ്ടിയുള്ള ഫണ്ട് കാണും,

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടി കാര്യങ്ങൾ ചെയ്യും. എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. എം.എൽ.എ.മാർക്ക് വല്ല റോഡോ വർക്കോ ഒന്നുമില്ലാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ നിശ്ചയമായും അത് പരിഗണിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. ഞാനിത് പറയുന്നത്, എഴുതിത്തന്നത് വന്നില്ലായെന്ന് വിചാരിക്കുക, അങ്ങനെ വല്ലതും ഉണ്ടെങ്കിൽ, ഒരു വർക്കുമില്ലാതെ ഒരു എം.എൽ.എ. യും ഉണ്ടാകാൻ പാടില്ലായെന്ന് എനിക്ക് നിർബന്ധമുണ്ട്. അത് എന്റെ സൗജന്യമല്ല. അത് നീതിയാണ്. അത് ബഹുമാനപ്പെട്ട എം.എൽ.എ. മാരുടെ നാട്ടുകാരുടെ അവകാശമാണ്. അത് തരാനുള്ള ബാദ്ധ്യത എനിക്കുണ്ട്. ഈ രാജ്യത്തുള്ള സർവ്വതും കയറി ഏൽക്കുന്നില്ല. എം.എൽ.എ.മാർ പറയുന്നതൊക്കെ അംഗീകരിക്കുമെന്നു പറഞ്ഞാൽ നടക്കണ്ടേ? ഏറ്റവും പ്രധാനപ്പെട്ട ഒരു വർക്കെങ്കിലും എഴുതി തന്നാൽ നിശ്ചയമായും അതിനുവേണ്ട സംവിധാനം ചെയ്യും. കാരണം ഒരു

12 Noon] എം.എൽ.എ. യുടെ കോൺസ്റ്റിറ്റ്യൂവൻസിയിൽ ഒരു വർക്കും ഇല്ലാതിരുന്നാൽ ആ നാട്ടിലെ ജനങ്ങളോട് അദ്ദേഹം എന്തു പറയും? ഒരു വർക്കും എന്റെ മണ്ഡലത്തിലില്ല. ഇന്നത് പ്രാധാന്യമുള്ള വർക്കാണ്. അത് ഓൺ ഗോയിംഗ് ആണ്, അല്ലെങ്കിൽ പുതിയതായി തുടങ്ങേണ്ടതാണ് എന്ന് പറഞ്ഞാൽ അതിന് പ്രതിവിധിയുണ്ട്. അതു തന്നെയല്ലേ പത്തനംതിട്ട ആശുപത്രിയിൽ ഇതുവരെ ചെയ്തത് ? അതുപോലെയല്ലേ ശബരിമല റോഡ് പണിതത് ? അതിന് ഇത്ര ലക്ഷം രൂപ ചെലവാക്കിയെന്ന് പറയാൻ പറ്റുമോ? 20 ലക്ഷം രൂപ 1998-1999-ൽ, 1999-2000-ൽ 70.59 ലക്ഷം രൂപ. ഇനി അത് കംപ്ലീറ്റ് ചെയ്യേണ്ടത് അത് സീസണിന് മുമ്പ് ചെയ്യണമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയായിട്ടുള്ള കാര്യമാണ്. അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഈ പ്രശ്നത്തിന് പരിഹാരം നമുക്ക് നേരിട്ട് സംസാരിച്ച് തീരുമാനിക്കാവുന്നതാണ്. ക്രിയാത്മകമായ സമീപനമാണ്, നിഷേധാത്മകമായ സമീപനമല്ല. ഇതിൽ ഒരു രാഷ്ട്രീയവും കാണുന്നില്ല. വാദിക്കേണ്ട ഒരു പ്രശ്നവുമില്ല.

<u>ശ്രീ. കെ. കെ. നായർ</u> : ഇപ്പോൾ അവിടെ ഒരു കോടി രൂപയുടെ ബിൽ പെന്റിംഗാണ്. കഴിഞ്ഞ ആറുമാസമായിട്ട് കോൺട്രാക്ടർക്ക് പണം കൊടുക്കാതെ പണി തുടങ്ങാൻ കഴിയാതെ ബുദ്ധിമുട്ടുന്നു. രണ്ട് ബില്ലായിട്ട് ഒരു കോടി രൂപയുണ്ട്. അത് എന്നത്തേയ്ക്ക് കൊടുക്കാൻ കഴിയും ? അതിൽ പകുതിയെങ്കിലും കൊടുക്കാൻ കഴിയുമോ ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : കോൺട്രാക്ടർക്ക് കൊടുക്കുന്നതിനെ സംബന്ധിച്ച് അത് കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണല്ലോ. അതിൽ രണ്ട് പ്രശ്നങ്ങൾ വന്നിട്ടുണ്ട്. അതെന്താണെന്നു വച്ചാൽ ആദ്യം strictly as per seniority എന്ന് ഹൈക്കോടതി വിധി വന്നു. സീനിയോറിറ്റിയനുസരിച്ച് എൽ.ഐ.സി. കൊടുക്കാൻ തുടങ്ങി പിന്നെ വേറൊരാൾ കൊണ്ടുപോയി വേറൊരു കേസു കൊടുത്തു. അപ്പോൾ ഒരു സീനിയോറിറ്റിയും നോക്കാതെ കേസ് കൊടുത്തവർക്കൊക്കെ വിധി കിട്ടി. ഇപ്പോൾ കോൺട്രാക്ടർമാരെല്ലാം കേസുകൊടുത്ത വിധിയും കൊണ്ട് വരികയാണ്. ആദ്യത്തെ വിധിക്ക് contradictory ആണിത്, അതായത് സീനിയോറിറ്റിയും പോയി. കോൺട്രാക്ടർമാർ

LIBRARY ARCHIVES Kerala Legislative Assembly

കേസ് കൊടുത്ത് വിധി വന്നതിന് ആദ്യം വർക്ക് കൊടുത്തില്ലെങ്കിൽ കോടതി അലക്ഷ്യം വരും. അതിന് 18 ശതമാനം ഇന്ററസ്റ്റും കൊടുക്കണമെന്നാണ് വിധി. ഇങ്ങനെ വിധി വന്നു. സീനിയോറിറ്റി നോക്കി കൊടുക്കണമെന്നുള്ള വിധിക്ക് conflicting ആണ്. അത് ഞങ്ങൾ പ്രോപ്പർ അതോറിറ്റിയുടെ മുമ്പിൽ എത്തിച്ചിട്ടുണ്ട്. രണ്ട് വിധി പരസ്പര വിരുദ്ധമായി വന്നിട്ടുണ്ട്. അതുകൊണ്ട് ആ ഒബ്ലിഗേഷൻ ശരിയാണ്. ലാസ്റ്റ് ക്വാർട്ടറിന്റെ എൽ. സി.ക്ക് കൊടുത്തു കഴിഞ്ഞിട്ടില്ല. മാർച്ച് 31 ന് മുമ്പ് കുറെ കൊടുക്കും. അതിൽ ഈ കോൺട്രാക്ടർക്ക് ഒരാൾക്ക് കൊടുക്കാൻ വേണ്ടി ഒക്കുകയില്ല. സീനിയോറിറ്റി അല്ലെങ്കിൽ എന്തെങ്കിലും മാനദണ്ഡം വച്ച് ശബരിമല റോഡിന്റെ പ്രാധാന്യം വച്ചുകൊണ്ട് ഒരു കോടി രൂപ കോൺട്രാക്ടർക്ക് ബാക്കിയുള്ളത് കൊടുക്കും. കൊടുക്കാതിരിക്കാൻ പറ്റുകയില്ല. ആ കാര്യം ഗവൺമെന്റ് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(2) നെൽക്കൃഷി മേഖല നേരിടുന്ന പ്രശ്നങ്ങൾ

ഡോ. കെ. സി. ജോസഫ് : സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട എന്നാൽ വളരെ ദുർബലവുമായ ഒരു മേഖലയാണ് നെൽ കാർഷിക മേഖല. ആ മേഖല ഓരോ വർഷം കഴിയുംതോറും കൂടുതൽ കൂടുതൽ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നെൽകാർഷികമേഖലയെ എങ്ങനെ പിടിച്ചു നിർത്താൻ കഴിയും, നെൽകൃഷി എങ്ങനെ നിലനിർത്താൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് വളരെ കൂലംകഷമായി ചിന്തിക്കണം, അതനുസരിച്ച് നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 12 ലക്ഷം ടൺ അരി ഉൽപാദിപ്പിക്കണം എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനം നടത്തുന്നുവെങ്കിലും നാം ഇന്ന് അതിന്റെ പ്രൊഡക്ടിവിറ്റി കൂടുതലായി വർദ്ധിപ്പിച്ചതിനുശേഷവും എത്തി നിൽക്കുന്നത് 7.27 ലക്ഷം ടൺ ഉൽപാദനത്തിലാണ്. ഈ നിലയിൽ നെൽക്കൃഷി കൂടുതൽ ബുദ്ധിമുട്ടിലേക്ക് പോകുവാൻ കാരണം എന്തെന്നുള്ളത് ഇനിയെങ്കിലും നാം യാഥാർത്ഥ്യബോധത്തോടുകൂടി പരിശോധിക്കാൻ തയ്യാറാകണം. നെല്ലിന്റെ ഉൽപാദന വിതരണ സഹകരണ രംഗങ്ങളിൽ എല്ലാംതന്നെ കാതലായ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മൾ പലപ്പോഴും പല നടപടികളും എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇത് പലപ്പോഴും നടന്നു വരാറില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. പ്രൊഡക്ടിവിറ്റി 3167 കിലോ ആയി മാറിയെന്ന്. ആ 3167 കിലോ ഒരു ഹെക്ടറിന് ഉൽപാദിപ്പിക്കുന്നുവെന്ന് കണക്കാക്കിയാൽ ഇന്ന് ലഭിക്കുന്ന വില കൊടുത്ത് നെല്ല് സംഭരിക്കുന്നതു കൊണ്ട് ശരാശരി 650 രൂപ വരെ കിട്ടുന്നുവെന്ന് കണക്കാക്കിയാൽ പോലും ഒരു ഹെക്ടറിന് കൃഷിക്കാരന് കിട്ടുന്ന ആദായം എന്നു പറയുന്നത് 20,585 രൂപയാണ്. 20,585 രൂപ നെല്ല് വിലയായി ലഭിക്കുമ്പോൾ കൃഷിച്ചെലവിനായി ഞങ്ങളുടെ പ്രദേശത്ത് ഏക്കറിന് എണ്ണായിരം രൂപ കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് ചെലവാകുമെന്ന് കണക്കാക്കിയാൽ രണ്ടര ഏക്കറിന് 20,000 രൂപ ചെലവാകും. 585 രൂപയാണ് ഒരു ഹെക്ടറിന് ലാഭമായി കിട്ടുന്നത്. അങ്ങനെ കണക്കാക്കുമ്പോൾ പോലും നെല്ലുൽപാദിപ്പിക്കുന്ന സ്ഥലത്തിലെ പാടത്തിനോ കൃഷിക്കാരന്

LIBRARY ARCHIVES Kerala Legislative Assembly